**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5148</u>** **<u>11-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ലഹരി വസ്തുക്കളുടെ ഉപയോഗം തടയാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ, ഇത്തരം ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | ലഹരി വസ്തുക്കളുടെ ഉപയോഗവും വ്യാപനവും തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഓരോ ജില്ലയിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് ടീമുകളുടെ നേതൃത്വത്തിൽ എല്ലാ പ്രധാന റോഡുകളിലും വാഹനപരിശോധന നടത്തുന്നുണ്ട്. എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് വിഭാഗവും, സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും, രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി എക്സൈസ് ഇന്റലിജൻസ് വിഭാഗവും, എക്സൈസ് ഷാഡോ സംവിധാനവും പ്രവർത്തിക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചും, വയർലസ് സംവിധാനം ഏർപ്പെടുത്തിയും, വാഹനപരിശോധന കർശനമാക്കിയും, അന്യ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗ് നടത്തിയും, ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാൻ ഇടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യനിരീക്ഷണങ്ങൾ നടത്തിയും മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടേയും ഉപയോഗവും, വ്യാപനവും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ